(9) 12.07.2016, 13.07.2016 എന്നീ തീയതികളിലെ ക്രമപ്രശ്നങ്ങളിന്മേലുള്ള റൂളിംഗ്

ബൈബിൾ വചനം ഉദ്ധരിച്ചുകൊണ്ട് നടത്തിയ പരാമർശം സംബന്ധിച്ച്

2016 ജൂലൈ 12-ാം തീയതി 2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർചയിൽ പങ്കെടുത്ത് പ്രസംഗിച്ചപ്പോൾ ബൈബിൾ വചനം ഉദ്ധരിച്ചുകൊണ്ട് ഭരണപക്ഷത്തെ ഒരംഗം നടത്തിയ പരാമർശം പ്രതിപക്ഷത്തിനാകെ അപമാനകരമാണെന്ന് പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചു.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

" 12.07.2016-ന് പുതുക്കിയ ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുത്ത് ശ്രീ. എം. സ്വരാജ് ബൈബിൾ വചനം ഉദ്ധരിച്ചുകൊണ്ട് നടത്തിയ പരാമർശം പ്രതിപക്ഷത്തിനാകെ അപമാനകരമാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ശ്രീ. വി.ഡി. സതീശൻ ക്രമപ്രശ്നം ഉന്നയിച്ചു. ബൈബിൾ വചനം ഉദ്ധരിക്കാനുണ്ടായ സാഹചര്യത്തെ സംബന്ധിച്ച് ശ്രീ. എം. സ്വരാജ് 14.7.16-ന് ചട്ടം 258 പ്രകാരം നടത്തിയ വ്യക്തിപരമായ വിശദീകരണത്തിൽ പ്രസ്തുത വിഷയം ഏതെങ്കിലും അംഗങ്ങളെ ആക്ഷേപിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതല്ലെന്ന് വിശദീകരിച്ചു. ബഹുമാനപ്പെട്ട അംഗത്തിന്റെ വിശദീകരണം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള തുടർനടപടികൾ

---

* XIV KLA/I Session Vol.162 Report No. 10 dated 12-07-2016

ആവശ്യമാണെന്ന് ചെയർ കരുതുന്നില്ല.”